(ബി) ഇല്ല. പ്രൊമോഷൻ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നു.

(സി) പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) പരാതി ലഭിക്കുന്നതിനുമുമ്പ് തന്നെ പ്രൊമോഷൻ സംബന്ധിച്ച പോളിസിക്ക് രൂപം നൽകുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രൊമോഷൻ സംബന്ധിച്ച് ജീവനക്കാരിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്.

(എഫ്) സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് ഒരു കരട് പ്രൊമോഷൻ പോളിസി തയ്യാറാക്കി ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെ മാനേജിംഗ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധനയിലാണ്.

കൈത്തറി മേഖലയെ സംരക്ഷിക്കാൻ നടപടി

40 [1179] ശ്രീ. സി. കെ. നാണു:
,, കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറിമേഖലയിൽ കയറ്റുമതി ലക്ഷ്യം വച്ച് സൊസൈറ്റികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) വസ്ത്രമേഖലയിൽ സിന്തറിക് ഒഴിവാക്കി സ്വാഭാവിക തുണിത്തരങ്ങൾക്ക് ലോക മാർക്കറ്റിൽ നിലനിൽക്കാൻ ഉതകുന്ന എന്തെല്ലാം സഹായങ്ങളാണ് കൈത്തറി മേഖലയ്ക്ക് നൽകിവരുന്നത് എന്ന് അറിയിക്കാമോ;

(സി) കൈത്തറി സംഘങ്ങൾക്കും അവരുടെ ഉപകരണങ്ങൾക്കും സബ്സിഡി നൽകി അവയെ സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കയറ്റുമതി ലക്ഷ്യമാക്കി ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ 75% തുക കേന്ദ്ര സർക്കാരും 25% തുക സംസ്ഥാന സർക്കാരും നൽകുന്നു. കയറ്റുമതി സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ചുവരുന്ന സംസ്ഥാനങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഡിസൈൻ ഡവലപ്പ്മെന്റ്, പ്രൊഡക്ട് ഡവലപ്പ്മെന്റ്, നെയ്ത്തുകാർക്ക് പരിശീലനം, തറികളിൽ നവീകരണം, വിദേശരാജ്യങ്ങളിൽ നടക്കുന്ന അന്തർ ദേശീയ വിപണന മേളകളിൽ പങ്കെടുക്കുന്നതിനുള്ള അവസരം തുടങ്ങിയ ഇനങ്ങൾക്ക് ധനസഹായം

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നു. ഒരു സംഘത്തിന് പരമാവധി 43 ലക്ഷം വരെയുള്ള പ്രോജക്ടുകൾക്ക് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. കൂടാതെ എക്സ്പോർട്ട് ടേണോവറിന്റെ 20% എക്സ്പോർട്ട് ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

(ബി) വിദേശവിപണി ലക്ഷ്യമാക്കിയുള്ള ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും അവയ്ക്ക് വിദേശവിപണി കണ്ടെത്താൻ സംഘങ്ങളെ പ്രാപ്തരാക്കുന്നതിനും ലക്ഷ്യമാക്കി ഹാന്റ്ലൂം ക്ലസ്റ്റർ ഡവലപ്പ്മെന്റ് പ്രോഗ്രാം നടപ്പാക്കിവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ സമന്വയിപ്പിച്ചാണ് ഇത് നടപ്പാക്കുന്നത്.

(സി) കൈത്തറി മേഖലയിൽ നടപ്പാക്കുന്ന മിക്കവാറും എല്ലാ പദ്ധതികളിലും ഗ്രാന്റ്, ഓഹരി പങ്കാളിത്തം എന്നീ ഇനങ്ങളും അനുവദിച്ചുവരുന്നുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിനും അവ നവീകരിക്കുന്നതിനും ദീൻദയാൽ കൈത്തറി വികസന പദ്ധതി പ്രകാരം ഗ്രാന്റ് നൽകുന്നുണ്ട്.

കൈത്തറി വ്യവസായത്തിന് 2001 മുതൽ 2003 വരെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക

41 [1180] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറിമേഖലയിൽ 2003 ഡിസംബറിലെ കണക്കുപ്രകാരം എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കൈത്തറി വ്യവസായത്തിന് 2001 മുതൽ 2003 വരെ എന്ത് തുക ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നുവെന്നും എത്രരൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കൈത്തറി മേഖലയിൽ 2003-ലെ കണക്കുപ്രകാരം ഉദ്ദേശം 1,75,000 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് കണക്കാക്കുന്നു.

(ബി) 2001-2002 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്ലാൻ ഇനത്തിൽ 1955 ലക്ഷം രൂപ വകയിരുത്തിയതിൽ 1568.50 ലക്ഷം രൂപ ചെലവഴിച്ചു. നോൺ പ്ലാൻ ഇനത്തിൽ 1693.14 ലക്ഷം രൂപ വകയിരുത്തിയതിൽ 1633.84 ലക്ഷം രൂപ ചെലവഴിച്ചു. 2002-2003-ൽ പ്ലാൻ ഇനത്തിൽ 2749.96 ലക്ഷം രൂപ വക കൊള്ളിച്ചതിൽ 2669.36 ലക്ഷം രൂപ ചെലവഴിച്ചു. നോൺ പ്ലാൻ ഇനത്തിൽ 222 ലക്ഷം രൂപ വകയിരുത്തിയതിൽ 188.94 ലക്ഷം രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly